**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **29-01-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് മന്ത്രിസഭ ഒന്നാകെ ജനസമക്ഷം ഇറങ്ങിച്ചെന്ന് ജനങ്ങളുമായി സംവദിച്ച നവകേരള സദസ്സ് മുഖേന ജനാധിപത്യ പ്രക്രിയയ്ക്ക് തന്നെ പുതിയ ആഗോള മാതൃക സൃഷ്ടിക്കാൻ കഴിഞ്ഞതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സമൂഹത്തിന്റെ ചിന്താഗതികൾ അടുത്തറിഞ്ഞ് നവകേരള സൃഷ്ടിക്ക് ഉതകുന്ന നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്.<br><br>മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. മണ്ഡലം അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യസമര സേനാനികളും സാഹിത്യനായകന്മാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കർഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ്സ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനുള്ള ഉപാധി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ്വ അദ്ധ്യായമായി നവകേരള സദസ്സ് മാറി. സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത് ഉൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് |

| | | | |
|---|---|---|---|
| | | | മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇതിൻമേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | നവകേരള സദസ്സിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അതിൽ എത്ര മാത്രം വിജയിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സമൂഹത്തിന്റെ ചിന്താഗതികൾ അടുത്തറിഞ്ഞ് നവകേരള സൃഷ്ടിക്ക് ഉതകുന്ന നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്.<br><br>മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. മണ്ഡലം അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യസമര സേനാനികളും സാഹിത്യനായകന്മാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കർഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ്സ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനുള്ള ഉപാധി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ്വ അദ്ധ്യായമായി നവകേരള സദസ്സ് മാറി. സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത് ഉൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇതിൻമേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് നടന്ന പ്രഭാത യോഗങ്ങളിൽ ലഭിച്ച അപേക്ഷകളും നിർദേശങ്ങളും പ്രത്യേകമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | സംസ്ഥാനം ഇതുവരെ കൈവരിച്ച നേട്ടങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നതിനും സമൂഹത്തിന്റെ ചിന്താഗതികൾ അടുത്തറിഞ്ഞ് നവകേരള സൃഷ്ടിക്ക് |

| | | | |
|---|---|---|---|
| | | | ഉതകുന്ന നിർദ്ദേശങ്ങൾ സ്വരൂപിക്കുന്നതിനുമായാണ് നവകേരള സദസ്സ് സംഘടിപ്പിച്ചത്.<br><br>മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുഴുവൻ മന്ത്രിമാരും എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇതിന്റെ ഭാഗമായി പര്യടനം നടത്തി. മണ്ഡലം അടിസ്ഥാനത്തിൽ സംഘടിപ്പിച്ച പ്രഭാതയോഗങ്ങളിൽ മുഖ്യമന്ത്രിയും മന്ത്രിമാരും സമസ്ത മേഖലകളിലെയും പ്രമുഖരുമായി ആശയവിനിമയം നടത്തി. സ്വാതന്ത്ര്യസമര സേനാനികളും സാഹിത്യനായകന്മാരും നിയമജ്ഞരും കലാ-കായിക താരങ്ങളും കർഷകരും തൊഴിലാളികളും തദ്ദേശീയ ജനതയുടെ പ്രതിനിധികളും തങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവച്ചു. ജനങ്ങളുടെ വിവിധങ്ങളായ നിർദ്ദേശങ്ങളും നിവേദനങ്ങളും സ്വീകരിക്കുന്നതിനും സദസ്സ് വേദിയായി. നാടിന്റെ ആവശ്യങ്ങളും സർക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുമെല്ലാം ചർച്ച ചെയ്യുന്നതിനുള്ള ഉപാധി കൂടിയായിരുന്നു ഈ പരിപാടി. ഇതിലൂടെ ജനാധിപത്യ ഭരണ നിർവ്വഹണ ചരിത്രത്തിലെ അത്യപൂർവ്വ അദ്ധ്യായമായി നവകേരള സദസ്സ് മാറി. സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിക്കുന്നത് ഉൾപ്പെടെ പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. നിർദ്ദേശങ്ങളും ആശയങ്ങളും വകുപ്പുതലത്തിൽ തരംതിരിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. ഇതിനുശേഷം മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ഇതിൻമേൽ കാര്യക്ഷമമായ തുടർനടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | നവകേരള സദസ്സിൽ ലഭിച്ച അപേക്ഷകൾ ഏതെല്ലാം വിധത്തിൽ തരംതിരിച്ച് മുൻഗണനാ പരിഗണനകൾ തീരുമാനിച്ച് നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിക്കാമോ? | (ഡി) | ലഭിച്ച നിവേദനങ്ങൾ യാന്ത്രികമായി തീർപ്പാക്കരുതെന്നും വ്യക്തമായ കാരണങ്ങളില്ലാതെ പരാതികൾ നിരസിക്കരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ഉറപ്പുവരുത്താൻ സംസ്ഥാനം ജില്ലാതലങ്ങളിൽ നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. നിവേദനങ്ങൾ സമയബന്ധിതായും ഫലപ്രദമായും തീർപ്പ് കൽപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവായ തീരുമാനം കൈക്കൊള്ളാൻ കഴിയുന്നവയിൽ ആവശ്യമായ നടപടി സ്വീകരിക്കും. നിവേദനങ്ങൾ തീർപ്പാക്കുന്നതിന്റെ പുരോഗതി ഓരോ ജില്ലയുടെയും ചുമതലയുള്ള മന്ത്രിമാർ വിലയിരുത്തും. അതോടൊപ്പം ഓരോ ജില്ലയിലെയും പരാതിപരിഹാരത്തിന് |

| | | | |
|---|---|---|---|
| | | | മേൽനോട്ടം വഹിക്കാൻ ഉയർന്ന ഐ.എ.എസ് ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ